LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. ശ്രീനിവാസനെ ആക്രമിച്ച കേസ്

169 (1911) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നയതന്ത്ര വിദഗ്ധൻ ശ്രീ. ടി. പി. ശ്രീനിവാസനെ ആക്രമിച്ച സംഭവത്തിൽ എത്രപേർക്കെതിരെ കേസ്സെടുത്തുവെന്നും ഏതെല്ലാം വകുപ്പുകളാണ് ഇവരുടെ പേരിൽ ചേർത്തതെന്നും വിശദമാക്കുമോ;

(ബി) എസ്.എഫ്.ഐ. പ്രവർത്തകൻ കരണത്തടിച്ചപ്പോൾ തടയാൻ പോലീസ് വേണ്ടവിധം ശ്രമിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ എന്തെങ്കിലും ഗൂഢാലോചന നടന്നിട്ടുണ്ടോ യെന്ന് അന്വേഷിക്കുമോ?

ഉത്തരം

(എ) നയതന്ത്ര വിദഗ്ധൻ ശ്രീ. ടി.പി. ശ്രീനിവാസനെ ആക്രമിച്ചതിലേയ്ക്ക് കോവളം പോലീസ് സ്റ്റേഷൻ ക്രൈം 138/2016 u/s 143, 147, 149, 341, 332 IPC പ്രകാരം കണ്ടാലറിയാവുന്ന എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 12 പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംഭവ സ്ഥലത്ത് ഉണ്ടായിരുന്ന കോവളം എസ്.എച്ച്.ഒ. രാകേഷ്, വിഴിഞ്ഞം എസ്.എച്ച്.ഒ. ശ്രീ. ശ്രീകുമാരൻ നായർ, കോവളം പി.എസ്.-ലെ സി.പി.ഒ മാരായ സതീഷ് കുമാർ (റ്റി 5000), ജോസ് (റ്റി 4926), ശ്രീകുമാർ (റ്റി. 4979) എന്നിവരെ ഒരു വർഷത്തെ പരിശീലനത്തിന് തൃശ്ശൂർ പോലീസ് അക്കാഡമിയിൽ അയയ്ക്കുകയും വകുപ്പുതല വാചകീയ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.

(സി) ഇക്കാര്യവും ഉൾപ്പെടുത്തി അന്വേഷണം നടത്തിവരുന്നു.

ശ്രീ. ടി. പി. ശ്രീനിവാസനെതിരെയുള്ള ആക്രമണം

170 (1912) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള വിദ്യാഭ്യാസ സമ്മേളനത്തിന് എത്തിയ വിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ശ്രീ. ടി. പി. ശ്രീനിവാസനെ എസ്.എഫ്.ഐ. നേതാക്കൾ മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;